

# ജാലകം

ജി എച്ച്.എസ എസ്
അച്ചൂർ

# അരക്ഷിതമാകുന്ന വാർദ്ധക്യം

നമുക്കെല്ലാവർക്കും ആറിയാം ഇപ്പോൾ നമ്മുടെ നാട്ടിൽ വൃദ്ധ മന്ദിരങ്ങളുടെ എണ്ണം വർധിക്കുകയാണ്. ഇതിനു കാരണം നാം മനുഷ്യർ തന്നെയാണ്. ഈ കാലഘട്ടത്തിൽ സുഖസൗകര്യങ്ങൾ കൂടുന്നതനുസരിച്ച് അമ്മയോടുള്ള സ്നേഹവും സ്വന്തം അമ്മയെ തെരുവിലേക്ക് ഇറക്കിവിടുകയും അല്ലെങ്കിൽല് വൃദ്ധസധനങ്ങളി ഏൽപ്പിക്കുകയും ചെയ്യുന്നു. ചെറുപ്പത്തിൽ നമ്മെ നോക്കി സ്നേഹിച്ച്, ലാളിച്ച്,കൊഞ്ചിച്ച്,മാറോട് ചേർത്ത് വെച്ച് സ്നേഹിച്ചത് അവസാന സമയങ്ങളിൽ അമ്മയുടെ തണലായി നിൽക്കാൻ വേണ്ടിയാണ്. അല്ലാതെ വൃദ്ധസധനങ്ങളിലും തെരുവിലും കൊണ്ട് കളയാൻ വേണ്ടിയല്ല. ഓരോ അമ്മയും ആഗ്രഹിക്കുന്നത് "തന്റെ മകൻ വളർന്നുവലുതായി തന്നെ പരിചരിക്കുകയും മരണം വരെ സംരക്ഷിക്കാനുമാണ്" പക്ഷെ നമ്മൾ അത് മനസ്സിലാക്കാതെ ഇതു പോലുള്ള നീച പ്രവർത്തി ചെയ്യുകയ്ണ് . അമ്മയെ തന്റെ ജീവിതത്തിൽ നിന്നും ഒരിക്കലും തുടച്ചുനീക്ക്ൻ ശ്രമിക്കരുത് എന്തെന്നാൽ ദൈവം പോലും പൊറുക്കാത്ത തെറ്റാണ്.വൃദ്ധമന്ധിരങ്ങൾ വർധിക്കാൻ നമ്മൾ കാരണക്കാരാവരുത്

# എന്റെ ഒരു അനുഭവക്കുറിപ്പ്

എന്റെ ജിവിതത്തിൽ എനിക്കൊരിക്കലും
മറക്കാൻ കഴിയാത്ത ഒരു അനുഭവമാണ്
കഴിഞ്ഞവർഷത്തെ വെള്ളപ്പൊക്കം
നമ്മളൊന്നും ഒരിക്കലും പ്രതീക്ഷിക്കാത്ത
കാര്യങ്ങളാണ് അന്ന് സംഭവിച്ചത്.പതിവ്
പോലെ അന്ന് മഴ ശക്തിയായി പെയ്ത്
കൊണ്ടിരിക്കുകയാണ്.ഏകദേശം രാത്രി
ഒരു ഏഴ് മണി ആയിക്കാണും മഴയും കാറ്റും
ഉള്ളതിനാൽ  കരണ്ട് നേരത്തെ പോയി.
ഞങ്ങളുടെ മൈലുംപാത്തി എന്ന പ്രദേശത്ത്
ചുറ്റും പുഴ ആയതിനാൽ വെള്ളം കയറുന്നത്
ശ്രദ്ധിക്കാൻ അവിടെയുള്ള ആളുകൾഎല്ലാം
ഉള്ള വെളിച്ചം എടുത്ത് പുറത്ത് ഇറങ്ങി

നടക്കുന്നുണ്ടായിരുന്നു.
രാത്രി ഒരു ഒൻപത് മണിയോടെ പുഴയുടെ ഓരത്തുള്ള വീടുകളിൽ വെള്ളം കയറിത്തുടങ്ങി. ആരും ഉറങ്ങരുതെന്ന് എല്ലാവരും പരസ്പരം നിർദ്ദേശിച്ചു.സമയം കടന്ന് പോകുന്നതിനനു സരിച്ച് വെള്ളം കയറിക്കൊണ്ടിരുന്നു എല്ലാവരും എന്ത് ചെയ്യണമെന്നറിയാതെ പരിഭ്രാന്തരായി ഓടുന്നു വീടുകളിൽ നിന്ന് പോവാൻ നിർദ്ദേശം കിട്ടിയ ആളുകൾ വീട് വിട്ടിറങ്ങുന്നു.വീട്ടിനുള്ളിൽ വെള്ളം കയറുമെന്ന് ആരും കരുതിയില്ല എല്ലാ സാധനങ്ങളും നനഞ്ഞു. എന്റെ വീട് കുറച്ച് ഉയരത്തിലായതി നാൽ വെള്ളം അകത്തേക്ക് കയറിയില്ല. എന്നാലും വീട്ടിൽ നിന്ന് ഇറങ്ങാൻ ഞങ്ങൾ തീരുമാനിച്ചു കാരണം ഞങ്ങളുടെ റോഡിൽ മുഴുവൻ വെള്ളമായിരുന്നു കുറച്ച് കൂടികഴിഞ്ഞാൽ അവിടെ കൂടി നടക്കാൻ പറ്റില്ലന്ന് മനസ്സിലായി ഞങ്ങൾ വെള്ളം കയറാത്ത

വേറൊരു വീട്ടിലേക്ക് പോയി
അന്നാരും ഉറങ്ങിയിരുന്നില്ല  എങ്ങനയോ
നേരം വെളുക്കുന്നത് വരെ എല്ലാവരും
കാത്തിരുന്ന രാവിലെ ഞങ്ങൾ എന്റെ
അമ്മാവന്റെ വീട്ടിലേക്ക് പോയി പിറ്റേന്ന്
വെള്ളം ഇറങ്ങിക്കഴിഞ്ഞാണ് ഞങ്ങൾ
ഞങ്ങളുടെ വീട്ടിലേക്ക് പോന്നത് അന്നത്തെ
ആദിവസങ്ങൾ ഒരിക്കലും മറക്കാൻ കഴിയില്ല

# കർഷകനു വേണ്ടിയുദിക്കുന്ന പൊൻ പുലരി

പച്ചയാർന്ന പാടം കാണുമ്പോൾ കണ്ണിനു കുളിർമ തോന്നാറുണ്ട് മനസ്സ് ശാന്തമാവുകയും ചെറിയൊരു പുഞ്ചിരിവിടരുകയും ചെയ്യാറുണ്ട്. അതുപോലെ ദൂരെ നീലാകാശത്ത് പ്രത്യക്ഷപ്പെടുന്ന ഏഴുനിറമാർന്ന ഭംഗിയെ കാണുമ്പോഴും. പക്ഷെ ഇവയെ എന്നന്നേക്കുമായി നശിപ്പിക്കുമ്പോൾ നമുക്ക് എന്താണ് നേടാൻ കഴിയുന്നത്.

ഒരിടത്ത് ഒരു വലിയ മനസ്സിന്റെഉടമയായ ഒരു കർഷകനുണ്ടായിരുന്നു. അദ്ദേഹം പാരമ്പര്യമായി കൃഷിക്കാരന്ണ്. സ്വന്തമായി കഷ്ടിച്ച് ഒരേക്കർ ഭൂമിയുണ്ട്. മൊത്തമായും നെല്ലാണ്. താൻ ഒരു കർഷകനാണ് എന്നതിൽ അദ്ദേഹം ഒരുപാട് അഭിമാനിച്ചിരുന്നു. പാടം ഉഴുതുമറിച്ച്, വിത്തുകൾ പാകി,പാടമാകെ പച്ചവിരിച്ചു. എങ്ങും അനുഭൂതിയുടെ ആഴങ്ങൾ. അയാളുടെ മനസ്സിൽ ആരോ മന്ത്രിച്ചു: ഈ വർഷം പതിമടങ്ങ് വിളവ് ലഭിക്കും. പക്ഷെ

കഷ്ടതയുടെ തുടക്കം അവിടെ ആരംഭം കുറിക്കുകയായിരുന്നു. എങ്ങോ നിന്ന് പറന്നു വന്ന ദേശാടന പക്ഷിയെ പോലെ ഒരു കമ്പനിയുടെ ഉടമ അവിടെ എത്തി. കർഷകന്റെ പാടം കണ്ട് അദ്ദേഹത്തിന് അവിടം സ്വന്തമാക്കണമെന്ന് മനസ്സിൽ ഉറപ്പിച്ചു. ഉടൻ അയാൾ ആ പാടം വാങ്ങാനുള്ള ഏർപ്പാടുകൾ ചെയ്തു. പക്ഷെ ആ കർഷകന് തന്റെ സ്ഥലം വിൽക്കാൻ തയ്യാറായില്ല. തന്റെ വിയർപ്പ് നീരാക്കി വിളയിച്ചെടുത്ത നെല്ലും സ്ഥലവും മറ്റൊരാളിന്റെ കൈകളിൽ എത്തിച്ചേരുന്നതോർത്ത് അയാൾ സങ്കടത്തിലായി. പലതും നടത്തിയിട്ടും ആ സ്ഥലം കൈക്കലാക്കാൻ അയാൾക്ക് കഴിഞ്ഞില്ല. ഒരിക്കലും വിട്ടു കൊടുക്കുകയില്ല എന്ന വാശിയോടെ കർഷകനും.

അസ്തമയ സൂര്യന്റെ ചുവന്ന പട്ട്മാകെ ഒരു രക്ഷാവലയമെന്നതിലുപരിയായി വിടർന്നു. വിളവെടുപ്പ് കാലം അടുത്തു വരുകയാണ്. വേണ്ടതെല്ലാം ചെയ്യണം എന്ന് കർഷകൻ തൊഴിലാളിയോട് പറഞ്ഞു. വിളവെടുപ്പ് കഴിഞ്ഞു. ആ പാടമാകെ പക്ഷികളാൽ സമ്പന്നമായി. വിളവ് വിൽക്കാനായി കർഷകൻ

പട്ടണത്തിലേക്ക് പോയി. തക്കം കാത്തിരുന്ന ആ കമ്പനി ഉടമ ഒടുവിൽ ആ ഭൂമി കൈക്കലാക്കി.കർഷകന്റെ മനസ്സാകുന്ന താമരപ്പൂവ് വാടി തുടങ്ങി. കുറച്ച് നാളുകൾക്ക് ശേഷം ആ നാടിന്റെ അവസ്ഥമാറി . ഭക്ഷണ വസ്തുക്കൾ ലഭിക്കാതെ എങ്ങും കഷ്ടതയുടെ കാൽപാടുകൾ മാത്രം അവശേഷിക്കെ  ആ നാടിന്റെ അവസ്ഥ കണ്ട് ഉടമയുടെ മനസ്സ് വിങ്ങിപ്പോയി. അശ്വസ്തതയുടെ കഴുകൻമാർ അയാൾക്ക് ചുറ്റും പറക്കുന്നതായി അയാൾക്ക് തോന്നി കമ്പനി ഉടമ ഉടൻ തന്നെ ആ സ്ഥലം കൃഷി നടത്താനായി കർഷകന് കൊടുക്കുകയും കർഷകന്റെ കാൽക്കൽ വീണ് ക്ഷമയാജിക്കുകയും ചെയ്തു.

ഒരസ്തമയം ഒരു ഉദയത്തിന് , വേണ്ടിയാണ് എന്നതു പോലെ ആ ഗ്രാമം വീണ്ടും സമ്പൽ സമൃതിയാർജിച്ചു. അസ്തമയ സൂര്യന്റെ ചെമ്പട്ട് പുതച്ച ആ പാടത്ത് പക്ഷികളുടെ കലപില ശബ്ദംമുഴങ്ങി , കർഷകന് ആ കലപില ശബ്ദം വിജയത്തിന്റെ പ്രതിധ്വനികളായി....,

# മഴവില്ല്

മഴവിൽ പെൺകൊടി
ഒരു കുട്ടായ് നീ വരൂ
ഓർമയിലെ ശുളശലഭം
നീയാണ്
ഓമൽ ചിരിയുമായ്
ഒരു മഴവിൽ കൺകളാൽ
എന്നെന്നും ചാരെ
നീ അണയില്ലെ
കാറ്റായ് പൂഴരളായ്
പുതു സ്നേഹം നീ തരു
കാരുണ്യം നീന്നിൽ
ഞാൻ കാണുന്നു
മാലാഖയെപ്പോൽ
എൻ ചീറകീൽ നീ വരൂ
കനിവോലൂം നിറമാലെ നീയണയൂ
രാഗമായ് ഈണമായ്
താളമായ് വീണയിൽ

ഉണരും ഞാൻ പലവട്ടം
കണങ്ങളായ്
കിനിയും പൂവിലെ
തേനായ് മാറുമോ
കനിവോലും താരാട്ടായ്
ഞാൻ മാറാം
ഋതുവോലുംസ്നേഹമായ്
കളഭങ്ങൾ ഞാൻ തരാം
കാണാതെ പോയോ
പ്രാണൻ പോലെയെൻ
നെഞ്ചിൽ ചാരു കുളിരായി
കാണുന്നു ഞാൻ


തീർത്ഥ. പി

9 എ

# GARDEN

I have a little garden at my home
Every morning I go there and roam
It’s covered with green velvety grass bed
And roses which are red,
And they are the favourites of my dad.
Butterflies sit on them-
Which are very colourful
And the whole scene looks beautiful,
The trees here are very high-
And the birds on them are very shy-
And my garden is a true heaven-
Where I fly like a butterfly.

# അതിഥി

മുഹമ്മദിന്റെ ഏറെ നാളത്തെ കാത്തിരിപ്പിന് അന്ത്യമായി.വിജനമായ വഴിയിൽ ഒരി നിഴൽ കണ്ടു. മുഹമ്മട് ജനാലക്കട്ടുത്തേക്ക് നീങ്ങി. മുഹമ്മദിന്റെ കാലിലെ ചങ്ങലകൾ പൊട്ടിചിരിച്ചുകൊണ്ടിരുന്നു.

ആരോ വരുന്നുണ്ട്. നിറഞ്ഞ കണ്ണുകളോടെ മുഹമ്മദ് പറഞ്ഞു.മുഖം വ്യക്തമാകുന്നില്ല.അതിഥി നടന്നടുത്തു.മുഹമ്മദ് ഒരു നിമിഷം തന്റെ യൗവ്വനത്തിലേക്ക് തിരിഞ്ഞു നോക്കി.

ആരാണിയാൾ .................... ? എനിക്കീ മുഖം ഓർമ്മയില്ല.

അയാൾ മുഹമ്മദിന്റെ മുറി തുറന്ന് അകത്ത് കടക്കാൻ ശ്രമിച്ചു. മുഹമ്മദിന്റെ

കാലിലെ ചങ്ങലയുടെ ഛേരദിച്ച് വലിച്ചിഴച്ച് കൊണ്ടുപോകുന്നു.

ഇല്ല, ഞാൻ വരില്ലാ ......... എന്നെ കൊണ്ടുപോകണ്ടാ ..... മുഹമ്മദ് അലറികൊണ്ട് ഞെട്ടിയുണർന്ന് നോക്കി.

ആരും വന്നിട്ടില്ല............... നിരാശനായി. ആ സ്വപ്നം ഓർ<u>ത്തു</u>കൊണ്ട് വീണ്ടും മയക്കത്തിലായി.

വിജനമായ വഴിയിൽ അതാ ഒരു കറുത്ത നിഴൽ പതിഞ്ഞു. ഒരജ്ഞാതൻ മുഹമ്മദിനെ തേടി വരുന്നു.അയാൾ വീടിന്റെ പടികൾ കയറി .മുറി തുറന്ന് മുഹമ്മദിനെ വലിച്ചിഴച്ച് കൊമ്ട്ടുപോകുന്നു. പക്ഷേ മുഹമ്മദ് ഒന്നും മിണ്ടുന്നില്ല. അയാളെ എതിർക്കുന്നുമില്ല. ശാന്തനായി മുഹമ്മദ് അയാൾക്കൊപ്പം യാത്ര

ചെയ്യുന്നു. അനന്തതയിലേക്കുള്ള മുഹമ്മദിന്റെ യാത്രക്കായി പ്രപഞ്ചശക്തി സാക്ഷി.

## അമ്മ

എന്നുമെനിക്കൊരു തണലാണെന്നമ്മ
എന്നുമെൻ ചുണ്ടിലെ മധുരമാണെന്നമ്മ
വറ്റാത്ത സ്നേഹത്തിനുറവിടമാണെന്നമ്മ
കെട്ടുപോകാത്ത വിളക്കാണെന്നമ്മ
ഒരു മധുരകിനാവുപോൽഎൻ മനസ്സിൽ
വിടർന്നു സുഗന്ധം പരത്തുന്ന മലരാണെന്നമ്മ
ഹൃദയത്തിൽ സൂക്ഷിക്കാൻ ഒരായിരം
ഓർമ്മപ്പളുങ്കുകൾ തന്നതാണെന്നമ്മ
എന്റെ ഭവനത്തിൽ വെളിച്ചം വിതറുന്ന
ഇതളിട്ട നിലവിളക്കൻതിരിയാണെന്നമ്മ

# ഏകയായി

പൂത്തുലയുന്ന മരങ്ങളും , വിടർന്നു നിൽക്കുന്ന പൂക്കളും മനോഹരമാക്കി തീർത്ത ഒരു അനാഥാലയം. അവിടമാകെ നിറഞ്ഞു നിൽക്കുന്നപിഞ്ചുകുഞ്ഞുങ്ങളുടെ കളിചിരിയിൽ പങ്കുചേർന്നുകൊണ്ട് ഇളം വെയിലും കുഞ്ഞിക്കാറ്റും പൂക്കളും.
കൈക്കുരുന്നുകളായിരിക്കെഅനാഥാലയത്തിന്റെ പടിവക്കിൽ ഉപേക്ഷിച്ചുപോയ അവരെ, സ്നേഹത്തോടെ പരിപാലിക്കുന്ന കുറേ സിസ്റ്റർ മാര്.തങ്ങളുടെ അച്ഛനും അമ്മയും ആരെന്നറിയാതെ ആ അന്തരീക്ഷത്തിൽ എല്ലാം മറന്നുകൊണ്ട് ഒരു പറ്റം കുട്ടികൾ.

ചിന്നൂ... ചിന്നൂ .... എല്ലാവരും ചായകുടിക്കാൻ വന്നു.എന്റെ കർത്താവേ, ഈ കുഞ്ഞിതെവിടെ പോയി കിടക്കുന്നു.ബെറ്റി സിസ്റ്റർ രാവിലെ വിളി തുടങ്ങി. പെട്ടെന്നാണ് തൊട്ടടുത്തുള്ളഇലഞ്ഞി മരത്തിന്റെ കാര്യം സിസ്റ്റർ

ഓർത്തത് .സിസ്റ്റർ അങ്ങോട്ട് നടന്നു. ഏത് നേരവും ഇവിടെ ഇരുന്നോ ! ഇനി ഞാൻ വിളിക്കില്ല. വേണമെങ്കിൽ വന്ന് ചായ കുടിച്ചോ. സിസ്റ്ററുടെ ഉച്ചത്തിലുള്ള ശകാരം കേട്ടപ്പോൾ ചിന്നു ഒന്ന് ഞെട്ടി.പിന്നെ ദിവസവും കേൾ് കുന്നതിനാൽ അവൾ കൂടെ നടന്നു.

ചിന്നു മറ്റുള്ളവരിൽ നിന്നും വ്യത്യസ്തയായ ഒരു കുട്ടി.ആരെയും ഉപദ്രവിക്കാനോ വഴക്കിനോ പോകില്ല.ആരോടും അധികം മിണ്ടില്ല. അതുകൊണ്ട്തന്നെ അവളെ കളിക്ക് കൂട്ടാൻ ആരും തയ്യാറായില്ല. അവളുടെ പ്രിയപ്പെട്ട സ്ഥലമായിരുന്നു. ഇലഞ്ഞിമരത്തിന്റെ ചുവട്.ദിവസവും അവിടെ പോയി ിരിക്കും. അവളെ താലോലിക്കാൻ കാറ്റ് ഓടിയെത്തും.അവൾ വരുമ്പോൾ ഇലഞ്ഞിപ്പൂക്കൾ ഉതിർന്ന് സ്വാഗതം ഉണർത്തിക്കും. ഏകാന്തതയുടെ കുരിരുട്ടിൽ അവൾക്ക്

ഉണ്ടായിരുന്ന ഏക ആശ്വാസമായിരുന്നു അത്. താൻ പറയുന്ന കാര്യങ്ങൾ ഇലഞ്ഞിമരം കേൾക്കുന്നതായും തന്നെ ആശ്വസിപ്പിക്കുന്നതായും തോന്നി.

ഒരിക്കൽ പതിവുപോലെ ഇലഞ്ഞിമരത്തോട് കുശലം പറഞ്ഞിരിക്കുമ്പോൾ അവൾ കണ്ടു ബെറ്റി സിസ്റ്ററുടെ കൈപിടിച്ച് തന്റെ പ്രായത്തിലുള്ള ഒരു പെൺകുട്ടി .ചിരിക്കുന്ന മുഖം .തെളിഞ്ഞ കണ്ണുകൾ .ആ ചിത്രം മറയുന്നതുവരെ അവൾ നോക്കി നിന്നു.വൈകുന്നേരം മുറിയിൽചെന്നപ്പോൾ തൊട്ടടുത്ത കട്ടിലിൽ ആ കുട്ടി.പിറ്റേന്ന് ഇലഞ്ഞിമരത്തിന്റെ ചുവട്ടിലിരിക്കുമ്പോൾതന്റെ തോളിൽ ഒരു ചെറിയ കൈ. ചിരിക്കുന്ന മുഖവുമായി ആ പുതിയ കുട്ടി.

ഏകാന്തതയുടെ താഴ്‌വരയിൽ നിന്നും ഒരു ചെറിയ പ്രാവായി അവൾ പറന്നുയർന്നു. തന്റെ കൂട്ടുകാരിയുമൊത്ത് ഇലഞ്ഞിമരത്തിന്റെ ചുവട്ടിൽ

അവർ ഒരുമിച്ചു കളിച്ചു  ഒരുമിച്ചുണ്ടു. ഒരുമിച്ച് ഉറങ്ങി. അങ്ങനെ അവർ ഉര്റ ചങ്ങാതിമാരായി. ആദ്യമായി ചിന്നുവിന്റെ മുഖത്ത് സന്തോഷം കളിയാടുന്നത് സിസ്റ്റർമാർ കണ്ടു.

ഒരിക്കൽ ഇലഞ്ഞിമരത്തിന്റെ ചുവട്ടിൽ കളിച്ചുകൊണ്ടിരിക്കെ, ബെറ്റി സിസ്റ്ററ് തന്റെ പുതിയ കൂട്ടുകാരിയെ വിളിച്ചുകൊണ്ടുപോയി.ഒന്നും മനസ്സിലാവാതെ നിന്ന ചിന്നുവിന്റെ അടുത്ത് അവൾ നിറകമ്ണുകളൊടെ വന്നു. ബാഗും പെട്ടിയുമായി ഒരു കാറന്റെ അടുത്തേക്ക് അവൾ പോയി. അതിൽ പട്ടുസാരിയുടുത്തൊരു ചേച്ചിയും സുമുഖനായ ഒരു ചേട്ടനും.

ആ കാർ മറയുന്നതുവരെ അവൾ അതും നോക്കി നിന്നു. അവളുടെ ചുണ്ടുക്ൾ മന്ത്രിച്ചു.എന്റെ കൂട്ടുകാരി.... ഒരു ഇലഞ്ഞിപ്പൂവ്

ചിന്നുവിന്റെ മേൽ ഉതിർന്നു വീണു. അവൾ വീണ്ടും ഏകയായി.

# മാമ്പഴം

അമ്മുക്കിളിയും ചിന്നുക്കിളിയും കൂട്ടുകാരായിരുന്നു. അവർ തീറ്റ തേടി കാട്ടിലൂടെ പറക്കുകയായിരുന്നു.അപ്പോൾ അമ്മുക്കിളിഒരു മരത്തിൽ ഒരു കാട്ടുപഴം തൂങ്ങിക്കിടക്കുന്നത് കണ്ടു.അവളത് ചിന്നുക്കിളിയെ കാണിച്ചുകൊടുത്തു.രണ്ടുപേരും പഴത്തെ ലക്ഷ്യമാക്കി പറന്നു.ചിന്നുക്കിളി അദ്യം പറന്നെത്തി പഴം എന്നിക്ക് വേണമെന്നു പറഞ്ഞു.ആദ്യം കണ്ടതിനാൽ അവകാശി താനാണെന്ന് അമ്മുക്കിളിയും പറഞ്ഞു.അവർ തമ്മിൽ തർക്കമായി. തർക്കം മൂത്ത് ശണ്ഠയായി. അവർ പരസ്പരം ആക്രമിക്കാൻ ഒരുങ്ങി.

അപ്പോഴാണ് താഴെ ഒരു മുയൽ ഇരിക്കുന്നത് അവർ കണ്ടത് .അവർ ഒത്തുതീർപ്പാക്കാൻ മുയലിനെ സമീപിച്ചു.കിളികളുടെ അവകാശവാദങ്ങൾ കേട്ടശേഷം മുയൽ പറഞ്ഞു നിങ്ങളുടെ രണ്ടുപേരുടേയും വയറുനിറക്കാൻ ആ

മാമ്പഴം തന്നെ ധാരാളമാണ്. പിന്നെ എന്തിനാണ് നിങ്ങൾ വഴക്ക് കൂടുന്നത് പങ്കുവെയ്ക്കുമ്പോഴാണ് സ്നേഹിതരാകുന്നത്.തെറ്റ് തിരിച്ചറിഞ്ഞ കിളികൾ മാമ്പഴവും തിന്ന് മുയലിനോട് നന്ദിയും പറഞ്ഞ് പറന്നുപോയി.

ഗുണപാഠം :----- നാം നമ്മുക്കുള്ളവ മറ്റുള്ളവരുമായിപങ്കുവെയ്ക്കണം സ്വാർത്ഥത പാടില്ല.

# പുതുമഴ

മുറ്റത്തെ മാവിൻ ചുവട്ടിലിരുന്നു
മണ്ണപ്പം ചുട്ടുകളിക്കും നേരം
പെട്ടന്നയ്യോ മാനമിരുണ്ടു
വെള്ളിടി വെട്ടി മഴപെയ്തു.

തുള്ളിക്കൊരുകുടം എന്നപോലെ
ചറപറ ചറപറ മഴപെയ്തു.
തുള്ളിച്ചാടി ഞാനുമെന്നേട്ടനും
മഴയത്തങ്ങനെ കളിക്കുമ്പോൾ
മാവിൻച്ചോട്ടിലെയെന്റെ മണ്ണപ്പം
*അയ്യോ മഴയിലലിഞ്ഞു പോയി.*